# മഹാത്മാ ഗാന്ധി സർവ്വകലാശാല
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

**വാർത്താക്കുറിപ്പ് (2)**

**2023 മാർച്ച് 6**

---

## മലയാളം സർവകലാശാല; പ്രഫ. സാബുതോമസ് വൈസ് ചാൻസലറായി ചുമതലയേറ്റു

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാലാ വൈസ് ചാൻസലറുടെ അധിക ചുമതല മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രഫ.സാബു തോമസ് ഏറ്റെടുത്തു. ഇന്നലെ(മാർച്ച്6) എം.ജി. സർവകലാശാലാ ആസ്ഥാനത്ത് മലയാളം സർവകലാശാലയിൽനിന്ന് കൊണ്ടുവന്ന രജിസ്റ്ററിൽ ഒപ്പുവച്ചാണ് ചുമതലയേറ്റത്.

എ.ജി. സർവകലശാലാ പ്രൊ-വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, മലയാളം സർവകലാശാലാ രജിസ്ട്രാർ ഡോ. പ്രജിത് ചന്ദ്രൻ, മലയാളം സർവകലാശാലാ ഉദ്യോഗസ്ഥരായ വി. സ്റ്റാലിൻ, കുര്യൻ ജോസഫ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

മലയാളം സർവകലാശാലയിലെ ഏതാനും ഫയലുകൾ ആദ്യ ദിനത്തിൽ പരിശോധിച്ച പ്രഫ. സാബു തോമസ് അടുത്തയാഴ്ച്ച സർവകലാശാലയിലെത്തും.

ഡോ. അനിൽ വള്ളത്തോൾ കാലാവധി പൂർത്തിയാക്കിയതിനെ തുടർന്നാണ് പ്രഫ. സാബു തോമസിന് മലയാളം സർവകലാശാലാ വൈസ് ചാൻസലറുടെ അധിക ചുമതല നൽകിയത്.

മലയാളം സർവകലാശലയ്ക്ക് നാഷണൽ അസസ്മെൻറ് ആൻറ് അക്രഡിറ്റേഷൻ കൗൺസിലിൻറേതുൾപ്പെടെ അക്രഡിറ്റേഷൻ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുമെന്ന് അദ്ദേഹം പറഞ്ഞു. ഏതാനും വർഷങ്ങൾകൊണ്ടുതന്നെ മലയാള ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട അക്കാദമിക മേഖലയിൽ ശ്രദ്ധേയ സംഭാവന നൽകാൻ മലയാളം സർവകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

സർവകലാശാലയിലേക്ക് കൂടുതൽ വിദ്യാർഥികളെ ആകർഷിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുമെന്നും പ്രഫ. സാബു തോമസ് പറഞ്ഞു.

(പി.ആർ.ഒ/39/267/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**